# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6111

## 28.10.2011-ലെ മറുപടിക്ക്

## ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ അനോമലികൾ പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ അനോമലികൾ പരിഹരിക്കുന്നതിന് ഇപ്പോൾ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശമ്പള പരിഷ്കരണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിനായുള്ള ഫലപ്രദമായ സംവിധാനമെന്ന നിലയിൽ ഒരു അഡീഷണൽ സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി തസ്തികകൾ ഉൾപ്പെടെ മൂന്ന് സെക്ഷനുകൾ ഉൾക്കൊള്ളുന്ന അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിൽ 26/5/2011 ലെ 29/2011/ ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അനോമലികൾ പരിഹരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ; എങ്കിൽ വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ